(ബി) ഉണ്ട്.

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവ് അന്യത്ര സേവന വ്യവസ്ഥയിൽ നികത്തുന്നതിന് പത്രത്തിൽ പരസ്യം നല്കിയിട്ടുണ്ട്.

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്. നിലവിൽ ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല.

5. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.എസ്.സി.-യിൽ നിന്നുള്ള എൻ.ജെ.ഡി. ഒഴിവുകളാണ്.

(സി)

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 16 ഉം

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ഉം

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2 ഉം

5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം

6. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 9 ഉം ദിവസവേതനക്കാരായി ആകെ 35 ജീവനക്കാർ ജോലി ചെയ്യുന്നു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് ലാപ്പോപ്പ്

242 (934) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് തീരുമാനിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പേർക്ക് ലാപ് ടോപ് നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവാംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ 2011-ൽ പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയ അർഹരായ വിദ്യാർത്ഥികൾക്ക് ഓരോ ലാപ്പോപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു.

(ബി) ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ആഫീസുകൾ മുഖേന ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 353 അപേക്ഷകൾ മേൽ നടപടിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ലാപ്പോപ്പ് വാങ്ങി നൽകുന്നതിലേക്കുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. അതിനാൽ നിലവിൽ ആർക്കും തന്നെ ലാപ്പോപ്പ് വിതരണം ചെയ്തിട്ടില്ല.

(സി) ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേയ്ക്ക് പാലിക്കേണ്ട വ്യവസ്ഥകളുടെയും മാർഗ്ഗനിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 2-5-2014-ൽ ഇ-ടെണ്ടർ ക്ഷണിച്ചു. ആയത് 28-5-2014-ൽ തുറന്ന് പരിശോധിച്ചുവെങ്കിലും സാങ്കേതികമായി യോഗ്യതയുള്ള സ്ഥാപനങ്ങൾ കുറവാകയാൽ കൂടുതൽ കമ്പനികളെ/സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് മത്സരാധിഷ്ഠിത റേറ്റ് ലഭ്യമാക്കുന്നതിന് ഒരു അവസരം കൂടി ലഭിക്കുന്നതിലേയ്ക്ക് ടി ടെണ്ടർ ചെയ്ത് വീണ്ടും ഇ-ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചു. തുർന്ന് മുന്നുപ്രാവശ്യം ഇ-ടെണ്ടറും നീ-ടെണ്ടറും ക്ഷണിച്ചുവെങ്കിലും സാങ്കേതികമായ പല കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. വീണ്ടും 28-2-2015-ൽ ഇ-ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. പ്രസ്തുത ഇ-ടെണ്ടർ 24-3-2015-ൽ തുറന്ന് പരിശോധിക്കുന്നതും നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് ലാപ്ടോപ്പ് വാങ്ങി അർഹരായവർക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly